"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുൽഫ.എ.എസ്., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1088/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 06.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2608/2023/H&FWD തീയതി,തിരുവനന്തപുരം, 10-10-2023**

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.സുൽഫ.എ.എസ്., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) സമർപ്പിച്ച 19.06.2023 തീയതിയായ അപ്പീൽ (Annexure A7).
3. OA(EKM)No.1088/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 06.07.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.09.2023-ലെ ഇ.എ.1-5160/2023/ആവഡ നമ്പർ നടപടിക്രമം

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ, കരുനാഗപ്പള്ളി സ്വദേശിയായ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുൽഫ.എ.എസ്., 05.08.2019 മുതൽ തളിപ്പറമ്പ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കി വരുന്നതിനാൽ, കൊല്ലം

7491756

GOVERNMENT OF KERALA 2017-18

ജില്ലയിലെ 3 സ്ഥാപനങ്ങളിലേയ്ക്കും ആലപ്പുഴ ജില്ലയിലെ 7 സ്ഥാപനങ്ങളിലേയ്ക്കും പത്തനംതിട്ട ജില്ലയിലെ 2 സ്ഥാപനങ്ങളിലേയ്ക്കും സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിരുന്നു. കൊല്ലം ശാസ്താംകോട്ട താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് ടിയാളുടെ സ്ഥലംമാറ്റം ശിപാർശ ചെയ്തു കൊണ്ട് കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും എന്നാൽ അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ 7-ാം എതിർകക്ഷിയെ കൊല്ലം ശാസ്താംകോട്ട താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് പരിഗണിക്കുകയും, അപേക്ഷകയെ ഒഴിവാക്കുകയും ചെയ്തതായി ഡോ.സുൾഫ പരാമർശം 2 അപ്പീൽ അപേക്ഷയിൽ പരാതി ഉന്നയിക്കുകയും, സർക്കാർ മുമ്പാകെ നേരിൽ കേൾക്കുന്നതിനും അപേക്ഷിച്ചിരുന്നു. ഇതേ വിഷയത്തിൽ ഡോ.സുൾഫ.എ.എസ്. ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1088/2023 ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും 7-ാം എതിർകക്ഷിയെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) നടപടിക്രമ പ്രകാരം ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുൾഫയെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ നിലവിൽ വന്ന ഒഴിവിൽ നിയമിക്കുകയുമുണ്ടായി.

4) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1088/2023-ന്മേലുള്ള 06.07.2023-ലെ ഉത്തരവ് ഇപ്രകാരം

സ.ഉ.(സാധാ) നം.2608/2023/H&FWD

അനുപാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം / ആലപ്പുഴ.

ഡോ.സുൾഫ.എ.എസ്., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), Kaleeluvila Thekkathil (Pulliyil), Edakulangara.P.O., Karunagapally - 690523.

ഡോ.സൂര്യ.കെ.എസ്., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, ശാസ്താംകോട്ട, കൊല്ലം - 690 521.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 11-10-2023 10:30:35
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ. എ1-5160/2023/ആ.വ.ഡ, തീയതി 11.10.2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

91756

GOVERNMENT OF KERALA 2017-18